# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: T4604 | 20/10/2011 - ൽ മറുപടിക്ക്.

## ബോട്ടുചാലുകളം ആഴം കൂട്ടുന്നതിനായി സ്വീകരിച്ച നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എം.ആരിഫ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സുനാമി ഫണ്ടിൽപ്പെടുത്തി പാണാവള്ളി, പെരുമ്പളം ബോട്ടുചാലുകൾ ആഴം കൂട്ടുന്നതിനായി എത്ര രൂപയാണ് ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ മുഖേന വകയിരുത്തിയിരിക്കുന്നത് ; | : | (എ) സുനാമി ഫണ്ടിൽ നിന്നും പ്രസ്തുത പ്രോജക്ടിനായി തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായമായി 78.42 ലക്ഷം രൂപ കോർപ്പറേഷന് നൽകിയിട്ടുണ്ട്. |
| (ബി) ശ്രീനാരായണ കൺസ്ട്രക്ഷൻസ് എന്ന കമ്പനിയാണോ കരാർ എടുത്തിരുന്നത് ; | : | (ബി) അതെ. |
| (സി) ഡ്രഡ്ജ് ചെയ്ത് എടുത്ത മണ്ണ് എടുത്ത് കൊണ്ട് പോകുന്നു എന്ന പരാതി കാരണം ഈ പ്രവൃത്തി ആലപ്പുഴ ജില്ലാ കളക്ടർ സ്റ്റേ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (സി) ഉണ്ട്. |
| (ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തികൾ പുനരാരംഭിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത് ; | : | (ഡി) ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ കീഴിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് 25/7/2011 - ൽ സ.ഉ.(സാധാ) നം.25/11/സി.എസ്.ഐ.എൻ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ പഞ്ചായത്തിന്റെ പ്രതിനിധികൾ, ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റ്, ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലഗതാഗത വകുപ്പ് മാനേജിംഗ് ഡയറക്ടർ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രതിനിധി, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ചേർത്തല തഹസീൽദാർ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) പെരുമ്പളം, പാണാവള്ളി, തവണക്കടവ് തുടങ്ങിയ ബോട്ട് ചാലുകൾ ആഴം കൂട്ടാത്തതിന്റെ ഫലമായി ബോട്ടുകൾക്ക് കേടുപാടുകൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | : | (ഇ) ഉണ്ട്. |

സെക്ഷൻ ഓഫീസർ